

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാമമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ : doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ.ഇ.കെ.എം(പി.9)/1331/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2024
ഇ-മെയി® :
doekm.ksad@kerala.gov.in
ഫോ® : 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുടൻ® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക®പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പ® : കെ.എസ്.എ.ഇ.കെ.എം(പി.9)/1331/24

തീയ്യതി: 04/10/2024

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ®ട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുത® 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുക® ന® കിയതി® 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ® ശങ്ങ® 24-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി® അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ® മാത്രമാണ് ഓഡിറ്റ് റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ®:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	16-08-2024	24-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-08-2024	24-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

ശ്രീമതി.റെസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്).
ശ്രീമതി.ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ.
കുമാരി മേഴ്സി കെ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.വാലന്റൈൻ കെ ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി.വിനീത ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നി൪ വഹണാധികാരിക൪

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഇ.പി.ജോർജ്ജ്	പ്രസിഡന്റ്	01-04-2023	23-06-2023
ശ്രീമതി.മേരി എൽദോ	പ്രസിഡന്റ്	24-06-2023	18-07-2023
ശ്രീ.പി.വി.സ്റ്റീഫൻ	പ്രസിഡന്റ്	19-07-2023	31-03-2024
ശ്രീ. ജോർജ്ജ് വി.	സെക്രട്ടറി	01-04-2023	18-03-2024
ശ്രീ.റെയ്സൺ വി.വർഗീസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-03-2024	31-03-2024

നി൪ വ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയത (മുതൽ
ശ്രീ.റെയ്സൻ വി.വർഗ്ഗീസ്	അസി.സെക്രട്ടറി	01-04-2023
ശ്രീമതി. ലിൻഡ ഡിക്രൂസ്	വി.ഇ.ഒ	01-04-2023

ശ്രീമതി.ആര്യ സി.ആർ	വി.ഇ.ഒ	01-04-2023
ശ്രീമതി.ആശ പോൾ	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	01-04-2023
ശ്രീമതി.മായാദേവി .എം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023
ശ്രീമതി.ശ്രീജി പി.ശ്രീകുമാർ	അസി.എഞ്ചിനീയർ	01-04-2023
ശ്രീമതി.നിർമ്മല പ്രതാപ് പി.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023
ശ്രീമതി.സിമാലു ജോർജ്ജ്	വെറ്ററിനറി സർജ്ജൻ	01-04-2023
ശ്രീ.അനിൽ കുമാർ എൻ.ആർ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-03-2023
ശ്രീ.രാകേഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023
ശ്രീ.ഷൈൻ ജോസഫ്	ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ്.	01-04-2023
ശ്രീമതി അഞ്ജു പോൾ	കൃഷി ഓഫീസർ	01-04-2023

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ഓഡിറ്റ് റിക്കവറി ഇനത്തിൽ തനത് ഫണ്ടിൽ അടവാക്കിയ തുക ബാദ്ധ്യത ശീർഷകത്തിൽ വരവ് വെച്ചു	1-1-3
5	സി ഫ് സി ടൈഡ് ഗ്രാന്റ് ബാങ്കിൽ വരവ് വന്ന തുക ചേർത്തിട്ടില്ല	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക നില	1-3
8	ഫണ്ട് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് വെരിഫിക്കേഷൻ	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ - അവലോകനം	1-10
15	തൊഴിൽ നികുതി-അപാകതകൾ	1-11
16	വസ്തുനികുതി-അപാകതകൾ	1-12
17	എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് അപാകതകൾ	1-13
18	റിവർ മാനേജ്മെന്റ് ഫണ്ട് കുടിശിക ഇനത്തിലും പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശിക ഇനത്തിലും ഭീമമായ ബാധ്യത നിലനിൽക്കുന്നു	1-14
19	ഇ-ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.	1-15

20	ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചത് - അപാകതകൾ	1-16
21	നെൽകൃഷി സംരക്ഷണം - ഗുണഭോക്താവിന് തുക ലഭ്യമായിട്ടില്ല	1-17
22	കോട്ടപ്പുറം-മാമ്മലശ്ശേരി റോഡ് പുനരുദ്ധാരണം-റോഡ് റിസ്റ്റോറേഷൻ ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്	1-18
23	ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ചെലവഴിച്ച മുഴുവൻ തുകയുടെയും രേഖകൾ ഹാജരാക്കിയില്ല	1-19
24	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - വാഹന അറ്റകുറ്റപ്പണി സംബന്ധിച്ച്	1-20
25	സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം - മുന്നൊരുക്കമില്ലാതെ പ്രൊജക്ട് - ലക്ഷ്യം കൈവരിച്ചില്ല.	1-21
26	പെണ്ണാട് വിതരണം (എസ്.സി.വനിത) - അപാകത	1-22
27	ഡയാലിസിസ്- ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകൾ ലഭ്യമല്ല	1-23
28	പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-24
29	ദുരിതാശ്വാസനിധി - പണമിടപാടുകളില്ല	1-25
30	ടേക്ക് - എ - ബ്രേക്ക് പദ്ധതി ഉപയോഗപ്രദമാക്കേണ്ടതാണ്.	1-26
31	റോഡ് കണക്ടിവിറ്റി മാപ്പ് - പൂർത്തീകരിക്കേണ്ടതാണ്.	1-27
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്	4-2

3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് / സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.5.2024 ലെ 2-ാം നമ്പർ പഞ്ചായത്ത് ഭരണ സമിതി തീരുമാനം പ്രകാരം തയ്യാറാക്കി 10.6.2024-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിയിലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക

പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 04.10.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8993286/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-718614 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ഓഡിറ്റ് റിക്കവറി ഇനത്തിൽ തനത് ഫണ്ടിൽ അടവാക്കിയ തുക ബാദ്ധ്യത ശീർഷകത്തിൽ വരവ് വെച്ചു

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12 ലെ പരാമർശം പ്രകാരം, ജീവനക്കാരുടെ പ്രൊഫണൽ ടാക്സ് ഇനത്തിൽ ഈടാക്കിയ 1920/-രൂപ RP-10 ഷെഡ്യൂളിൽ 1 ൽ തുടങ്ങുന്ന ഓഡിറ്റ് റിക്കവറി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം 350300100 എന്ന 3 ൽ തുടങ്ങുന്ന ബാദ്ധ്യത ഹെഡിൽ സർക്കാരിലേക്ക് അടവാക്കാനുള്ള ബാദ്ധ്യതയായി ചേർത്തു.

1-1-4 സി ഫ് സി ടൈഡ് ഗ്രാന്റ് ബാങ്കി® വരവ് വന്ന തുക ചേ® ത്തിട്ടില്ല

സി ഫ് സി ടൈഡ് ഗ്രാന്റ് ബാങ്കി® വരവ് വന്ന തുക 1,36,55,500/- രൂപ RP-30 ഷെഡ്യൂളി® ചേ® ത്തിട്ടില്ല.

1-2 ബജറ്റ്

രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 21.03.2023 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. ബജറ്റ്

പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു. 09.02.24 ൽ ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട് (തീരുമാനം നമ്പർ-1/1)

	ബജറ്റ് പ്രകാരം	റിവൈസ്ഡ് ബജറ്റ് പ്രകാരം
വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	₹237988242	₹217044551
ചെലവ്	₹231995999	₹214915190
നീക്കിയിരിപ്പ്	₹5992243	₹2129361

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	₹11821384.00
ഓഡിറ്റ് വർഷത്തെ വരവ്	₹56404368.00
ആകെ	₹68225752.00
ഓഡിറ്റ് വർഷത്തെ ചെലവ്	₹47411082.00
നീക്കിയിരിപ്പ്	₹20814670.00

മേൽ പട്ടികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ചെലവഴിക്കാതെ ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	0	10994000	10994000	10043017		950983
വികസന ഫണ്ട് (എസ്.സി.പി)	0	5374000	5374000	4206337		1167663
വികസന ഫണ്ട് (ടി.എസ്.പി)	0	0	0	0		0
സംരക്ഷണ ഗ്രാന്റ്(റോഡിതരം)	0	4328600	4328600	2828018		1500582
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	22793350	22793350	14125791		8667559

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്)-ബാങ്ക്	254371	1890121	2144492	945418	1199074	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) -ട്രഷറി	0	1360	1360	1360	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)-ബാങ്ക്	2056325	1365500	3421825	1581306	1840519	-
ഐ.സി.ഡി.എസ്. (320100125)	510794	1001569	1512363	611668	900695	
സ്വച്ച് ഭാരത് മിഷൻ (320200304)	155395	0	155395	0	155395	
അവാർഡ്-സെൻട്രൽ ഗവൺമെന്റ് (320100105)	200000	0	200000	0	200000	
ശുചിത്വ മിഷൻ ഗ്രാന്റ് (320100181)	2402	0	2402	0	2402	
ലിറ്ററസി സ്കീം ഗ്രാന്റ് (320100197)	4478	129	4607	0	4607	
ഭവന നിധി (320200399)	207	0	207	0	207	
ഫിഷറീസ് (320200203)	1665	0	1665	0	1665	
ആരോഗ്യ ജാഗ്രത (320300103)	665250	156000	821250	156000	665250	
ലൈഫ് – സംസ്ഥാന വിഹിതം (320100160)	3154110	1800000	4954110	4541463	412647	
നബാർഡ് സഹായം (320300199)	432650	1334098	1766748	1533267	233481	
എൻ.എച്ച്.എം. ഫണ്ട് (320100139)	500000	0	500000	0	500000	
ഹെൽത്ത് ഗ്രാന്റ് (320100201)	1409	0	1409	1409	0	
ഹെൽത്ത് ഗ്രാന്റ് (320100202)	2685	704898	707583	694727	12856	
ഹെൽത്ത് ഗ്രാന്റ് (320100204)	0	311471	311471	79516	231955	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർത്തിയാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
219	129746852	118	52831058	13	88	53.88%

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	2172	986485	988657	988657	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	21903498	21903498	21903498	0
ആകെ	2172	22889983	22892155	22892155	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പെൻഷൻ	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകത്തൊഴിലാളി പെൻഷൻ	2704000	226
വാർദ്ധക്യ കാല പെൻഷൻ	14176800	1374
വിധവ പെൻഷൻ	5146700	482
വികലാംഗ പെൻഷൻ	1770400	156
50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	473600	41
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	120000	4

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2024 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹780/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഇനിയും കാര്യക്ഷമമാകേണ്ടതുണ്ട്.

1) വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു. ഉചിതമായ നടപടികൾ സ്വീകരിച്ച് ആയത് ഒഴിവാക്കേണ്ടതാണ്.

2) ആസ്തി രജിസ്റ്റർ കാലികമാക്കി സചിത്ര സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്തിട്ടില്ല.

3) വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം

കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഫലപ്രദമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

4)ലൈഫ് ഭൂണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം 12 വർഷത്തേക്ക് വീട് വില്പന നടത്തുന്നതല്ലെന്നു കാണിച്ചു കൊണ്ട് സെക്രട്ടറിയുമായി വെച്ച കരാറുകളിലൊന്നും സെക്രട്ടറി ഒപ്പിട്ടിട്ടില്ല.

1-10 മാലിന്യസംസ്കരണം- ഹരിതക® മ്മസേനയിലൂടെ - അവലോകനം

രാമമംഗലം ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതക® മ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019-2020 വർഷം മുത® വിവിധ പരിപാടിക® ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഹരിത കർമ്മസേനയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ചുമുള്ള അവലോകനം ചുവടെ ചേ® ക്കുന്നു.

അടിസ്ഥാന വിവരങ്ങ®

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിൽ ഉൾപ്പെട്ട രാമമംഗലം ഗ്രാമപഞ്ചായത്തിന് 23.40 ചതുരശ്ര കിലോമീറ്റ® വിസ്തീർണ്ണം ഉണ്ട്. 13 വാ® ഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 15125 ആണ് (2011 ലെ സെൻസസ് പ്രകാരം). ആ® താമസമുള്ള 3780 വീടുകളും 281 വ്യാപാര സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2019-20 വർഷം ആണ് ഇവിടെ ഹരിതക® മ്മസേന രൂപീകരിച്ചത്. ആദ്യ ഘട്ടങ്ങളിൽ മന്ദഗതിയിലായിരുന്ന ഹരിത കർമ്മസേന പ്രവർത്തനം 2022 ജൂൺ മുതലാണ് ഊർജ്ജിതമായത്. നിലവിൽ 3650 വീടുകളിൽ നിന്നും 279 സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മസേന മാലിന്യം ശേഖരിച്ചു വരുന്നു. ഓരോ വാ® ഡിലും 2 അംഗങ്ങ® വീതം 13 വാ® ഡുകളിലായി ആകെ 26 ഹരിത ക® മ്മസേനാംഗങ്ങ® അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയി® ഏ® പ്പെട്ടു വരുന്നു.

മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങ® കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നി® ദ്ദേശിച്ചിട്ടുള്ളത്. താഴെ ചേ® ക്കുന്ന പ്രകാരം മാലിന്യശേഖരണ കലണ്ട® തയ്യാറാക്കിയിട്ടുണ്ട്. ടി കലണ്ടർ യൂസർ ഫീ കളക്ഷൻ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പേപ്പ® , പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുക®	എല്ലാ മാസവും
തുണി മാലിന്യം	ഏപ്രിൽ, സെപ്തംബർ
ഇ-മാലിന്യം(ട്യൂബ് ലൈറ്റ്, സി.എഫ്.എൽ, ബാറ്ററി ഉൾപ്പെടെ)	മാർച്ച്, ജൂൺ, ഡിസംബർ
ചെരുപ്പ്, ബാഗ്	ജനുവരി, ഏപ്രിൽ, ജൂലയ്, ഒക്ടോബർ

കണ്ണാടി, കൂപ്പി, ചില്ല മാലിന്യങ്ങൾ	ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ
മരുന്ന് സ്ട്രിപ്പുകൾ	ജനുവരി, മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ

പേപ്പ® , പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുക® എന്നിവ ഒഴികെ കലണ്ടർ പ്രകാരമുള്ള മറ്റ് മാലിന്യങ്ങളുടെ ശേഖരണം കൃത്യമായി നടക്കുന്നില്ല. മാലിന്യ ശേഖരണം ജനങ്ങളെ മു® കൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം, വാട്ട്സ് ആപ്പ് സന്ദേശങ്ങൾ ഉ® പ്പെടെയുള്ള മാ® ഗ്ഗങ്ങ® അവലംബിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും 50/- രൂപയും സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയുമാണ് പ്രതിമാസം യൂസർ ഫീസ് ഇനത്തിൽ ഈടാക്കുന്നത്.

<u>മാലിന്യം വേ® തിരിക്കൽ</u>

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ആദ്യം വാർഡുകളിലെ മിനി എം.സി.എഫുകളിൽ എത്തിക്കുന്നു. 13 വാർഡുകളിലായി 13 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും വാഹനത്തിൽ രാമമംഗലം കാർഷിക വിപണിക്കു സമീപം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രധാന എം.സി.എഫിൽ എത്തിക്കുകയാണ് ചെയ്യുന്നത്. മാലിന്യം പൂ® ണ്ണമായി വേ® തിരിക്കുന്നതിനുള്ള സംവിധാനം എം.സി.എഫിൽ ഇല്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്. താല്ക്കാലികമായി പ്രവർത്തിക്കുന്ന പ്രസ്തുത എം. സി. എഫ്-ന്റെ ചിത്രം താഴെ ചേ® ക്കുന്നു.



താത്ക്കാലിക എം.സി.എഫ്.

<u>റീസൈക്ലിംഗ്</u>

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ ഹരിതകർമ്മ സേനാംഗങ്ങൾ നിർദ്ദേശം നൽകുന്നുണ്ട്. സ്വാപ്പ് ഷോപ്പുകൾ സ്ഥാപിച്ചിട്ടില്ല. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുക®, ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല.

<u>കമ്മ്യൂണിറ്റി എ® ഗേജ്മെന്റ്</u>

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങ®ക്ക് അവബോധം ന®കുന്നതിനായി പരിപാടിക® നടത്തിയിട്ടില്ല. ഹരിത സഭ നടത്തിയിട്ടുണ്ട്. കുട്ടികളുടെ ഹരിത സഭ, സ്കൂൾ തലത്തിലുള്ള ശുചിത്വോൽസവം എന്നിവ സംഘടിപ്പിച്ചിട്ടില്ല. ശുചിത്വ ബോർഡുകൾ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

<u>തൊഴി® സൃഷ്ടിക്ക®</u>

2023-24 വ® ഷം യൂസ® ഫീ ഇനത്തി® ₹17,06,250/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസ® ഫീ യുടെ 90% ആണ് വേതനമായി ന® കുന്നത്.

പഞ്ചായത്തിലെ 26 ഹരിതക® മ്മസേനാംഗങ്ങ® ക്ക് ശരാശരി ₹5500/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. 2 ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം 10000/- രൂപ വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചിട്ടില്ല. അധിക വരുമാനം ലക്ഷ്യമിട്ട് ഹരിത കർമ്മസേനാംഗങ്ങൾക്ക് സോപ്പ് നിർമ്മാണം, ക്ളീനിംഗ് ലോഷൻ നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. സോപ്പ്, ലോഷൻ എന്നിവ നിർമ്മിച്ച് വില്പന നടത്തുന്നതിലൂടെ അധിക വരുമാനം ലഭിക്കുന്നുണ്ട്.

<u>അടിസ്ഥാന സൗകര്യ വികസനം</u>

നിലവിൽ വാടകയ്ക്ക് വാഹനം ഏർപ്പാടാക്കിയാണ് മാലിന്യം നീക്കം ചെയ്യുന്നത്. മാലിന്യം നീക്കം ചെയ്യുന്നതിന് ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിനുള്ള പ്രൊജക്ട് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 ഹരിത കർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നു. ഹരിതക® മ്മസേനയുടെ പ്രവ® ത്തനങ്ങ® ക്കായി താല്ക്കാലിക എം.സി.എഫിൽ ഓഫീസ് സംവിധാനം ഇല്ല. നിർമാണം പൂർത്തിയായി വരുന്ന പുതിയ എം സി എഫിൽ ഓഫീസിനായി മുറി പണികഴിപ്പിച്ചിട്ടുണ്ട്. എന്നാൽ എം സി എഫ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

<u>പാരിസ്ഥിതിക ആഘാതം</u>

പൊതു നിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്ന വ്യക്തികളെ കണ്ടെത്തി പിഴ ഈടാക്കിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. മാലിന്യനിക്ഷേപം സംബന്ധിച്ച വിവരം നൽകിയവർക്ക് പഞ്ചായത്ത് പാരിതോഷികം നൽകിയിട്ടുണ്ട്.

<u>പരിശീലനവും വികസനവും</u>

ഹരിതക® മ്മസേനാംഗങ്ങ® ക്ക് മാലിന്യം വേർതിരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയും ഹരിത കേരളം മിഷനും പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാ® ബേജ് മോണിട്ടറിംഗ് സംബന്ധിച്ച് കെൽട്രോൺ പരിശീലനം ന® കിയിട്ടുണ്ട്. സ്മാർട്ട് ഫോൺ വാങ്ങുന്നതിന് ഹരിത കർമ്മ സേന കൺസോർഷ്യത്തിൽ നിന്നും 13 അംഗങ്ങൾക്ക് 10,000/-രൂപ വീതം 1000/-രൂപ പ്രതിമാസ തിരിച്ചടവ് വ്യവസ്ഥയിൽ വായ്പ നൽകിയിട്ടുണ്ട്. വായ്പ അംഗങ്ങൾ കൃത്യമായി അടച്ചുതീർത്തിട്ടുണ്ട്.

<u>ഹരിത ക® മ്മസേനാംഗങ്ങളുടെ പ്രവ® ത്തനം</u>

ഹരിതക® മ്മസേനാംഗങ്ങളുടെ പ്രവ® ത്തനം സംബന്ധിച്ച് പ്രതിമാസം റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഫോൺ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവ് പ്രവർത്തനത്തിൽ ഒരു പരിമിതിയായി നിലനിൽക്കുന്നു. ക്യൂ ആ® കോഡ് പതിപ്പിക്ക® പൂർത്തിയായിട്ടില്ല എന്നതിനാൽ സ്മാ® ട്ട് ഗാ® ബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവി® പ്രവ® ത്തന ക്ഷമമായിട്ടില്ല.

<u>II മെറ്റീരിയ® കളക്ഷ® ഫെസിലിറ്റി സെന്റ®് (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>

1.അടിസ്ഥാന വിവരങ്ങ®

നിലവി® 350 ചതുരശ്ര അടി വിസ്തീ® ണ്ണമുള്ള ഒരു താത്ക്കാലിക എം.സി.എഫ്. വാർഡ് 11 ൽ രാമമംഗലം കാർഷിക വിപണിക്കു സമീപം പ്രവ® ത്തിക്കുന്നുണ്ട്. ഉറവിടത്തിൽ നിന്നും വേർതിരിച്ച് കൊണ്ട് വരുന്ന മാലിന്യങ്ങൾ സംഭരിച്ച് വെയ്ക്കുന്നു എന്നല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും സ്ഥല പരിമിതി മൂലം നിലവിലെ എം സി എഫിൽ നടക്കുന്നില്ല. നിലവിലുള്ള എം.സി.എഫ് കെട്ടിടം എക്സ്റ്റൻഷൻ നടത്തി വിസ്തൃതി കൂടിയ എം.സി.എഫ്. കെട്ടിടം നി® മ്മാണം നടന്നു വരുന്നു. ആവശ്യമായ അഞ്ച് ഏരിയകളും (ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സെഗ്രഗേഷൻ ഏരിയ, മെഷീനറി ഏരിയ, ഫിനിഷ്ഡ് ഗ്രഡ്സ് ഏരിയ) നാല് മുറികളും (ഓഫീസ് ഏരിയ, ശുചിമുറി, വിശ്രമമുറി, വസ്ത്രം മാറുന്നതിനുള്ള മുറി) ഉൾപ്പെടെ എം.സി.എഫ്.നിർമ്മാണം 258.40 ച.മീ. വിസ്തൃതിയിൽ എറണാകുളം ജില്ലയിലെ ഏറ്റവും വലിയ എം.സി.എഫ്. ആണ് നിർമ്മാണം പൂർത്തീകരിച്ച് വരുന്നത്. ബെയ്ലിംഗ് യൂണിറ്റ്, സെഗ്രഗേഷൻ ടേബിൾ തുടങ്ങിയവ പുതിയ എം.സി.എഫിൽ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചു വരുന്ന എം.സി.എഫിന്റെ ചിത്രം താഴെ ചേർക്കുന്നു.



നിർമ്മാണം പൂർത്തിയായി വരുന്ന എം.സി.എഫ്.

2. മാലിന്യം കൈമാറ്റം ചെയ്യുന്നതിലെ കാര്യക്ഷമത

ഓരോ മാസവും 1 മുതൽ 15 വരെ തീയതികളിൽ വീടുകളി® നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങ® 20-ാം തീയതിക്കകം എം.സി.എഫിൽ എത്തിക്കുന്നുണ്ട്. അവിടെ നിന്ന് ഓരോ മാസവും ക്ളീൻ കേരള കമ്പനിക്ക് മാലിന്യം കൈമാറുന്നുണ്ട്. പ്രതിമാസ റിവ്യൂ മീറ്റിംഗി® മാലിന്യം വേ® തിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവ® ത്തനങ്ങളുടെ പോരായ്മക® സംബന്ധിച്ചും ച® ച്ച ചെയ്യുകയും പുതിയ നി® ദ്ദേശങ്ങ® ന® കുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന താത്ക്കാലിക എം സി എഫിന് 350 ചതുരശ്ര അടി വിസ്തൃതിയുണ്ട്. സ്ഥല പരിമിതി മൂലം മാലിന്യം സംഭരിച്ച് സൂക്ഷിക്കുന്നതിൽ വൈഷമ്യം നേരിടുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങ®

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങ® ക്ക് കൈയുറ, മാസ്ക്, ഹാ® ഡ് സാനിറ്റൈസ® , റെയ്® കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

5. ശുചിത്വ മാനദണ്ഡങ്ങ®

താത്ക്കാലിക എം സി എഫ് കെട്ടിടവും പരിസരവും വൃത്തിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി വെച്ചിട്ടുണ്ട്. കുടിവെള്ള ലഭ്യത, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയ®

ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാറിലേ® പ്പെട്ട് മാലിന്യം കൈമാറുന്നുണ്ട്. വേർതിരിച്ച മാലിന്യത്തിന് ക്ലീൻ കേരള കമ്പനി നാളിതു വരെയായും പഞ്ചായത്തിന് തുകയൊന്നും നൽകിയിട്ടില്ല. എന്നാൽ വേർതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് കിലോഗ്രാമിന് 10/-രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് പഞ്ചായത്ത് തുക നൽകിയിട്ടുണ്ട്.

ഓഡിറ്റ് നി® ദ്ദേശങ്ങ® :

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം എന്നതിനാ® തന്നെ ഈ രംഗത്ത് ഹരിതക® മ്മസേനയുടെ പ്രവ® ത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഒരു ഉദ്യോഗസ്ഥനെ മേ® നോട്ടത്തിന് മാത്രമായി ചുമതലപ്പെടുത്തേണ്ട അത്രയും പ്രവ® ത്തനം മാലിന്യ സംസ്കരണ മേഖലയിൽ വേണ്ടി വരുന്നുണ്ട്. മാലിന്യ സംസ്കരണം, ഹരിത കർമ്മസേന പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള ഓഡിറ്റ് നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണ രീതികളെക്കുറിച്ചും ഹരിത കർമ്മസേനയ്ക്ക് കൃത്യമായി അജൈവ മാലിന്യം കൈമാറേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2. പൊതു ഇടങ്ങളിലും നിരത്തുകളിലും മാലിന്യം വലിച്ചെറിയുന്ന പ്രവണത അവസാനിപ്പിക്കുന്നതിനായി ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ തുടങ്ങിയവ സ്ഥാപിക്കാവുന്നതാണ്.

3. കുട്ടികളിൽ ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച് അവബോധം

സൃഷ്ടിക്കുന്നതിനായി കുട്ടികളുടെ ഹരിത സഭ, സ്കൂളുകളിൽ ശുചിത്വോത്സവം തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

4.ക്യു.ആർ.കോഡ് പതിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

5. നാളിതു വരെ വേർതിരിച്ച് നൽകിയ അജൈവ മാലിന്യങ്ങൾക്കു ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിക്കേണ്ട തുക ഈടാക്കി ഹരിത കർമ്മസേന കൺസോർഷ്യം അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്.

6. ഹരിത കർമ്മസേനാംഗങ്ങൾക്ക് അധിക വരുമാനം ഉറപ്പു വരുത്തുന്നതിന് വസ്തു നികുതി ഡിമാന്റ് നോട്ടീസ് വിതരണം, ഇനോക്കുലം വിതരണം, ബയോബിൻ സൂപ്പർ വിഷൻ തുടങ്ങിയ പ്രവൃത്തികൾ ഹരിത കർമ്മസേനാംഗങ്ങളെ ഏൽപ്പിക്കാവുന്നതാണ്.

7. തയ്യാറാക്കിയ മാലിന്യശേഖരണ കലണ്ടറിൽ ഉൾപ്പെടുത്തി മെറ്റൽ സ്ക്രാപ്പ്, പഴയ ന്യൂസ്പേപ്പർ എന്നിവ ശേഖരിച്ച് വിൽപ്പന നടത്തി സേനാംഗങ്ങൾക്ക് അധിക വരുമാനം ഉണ്ടാക്കാവുന്നതാണ്.

1-11 തൊഴിൽ നികുതി-അപാകതകൾ

2023-24 വർഷത്തെ തൊഴിൽ നികുതി (ജീവനക്കാരുടെ) രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധവർഷം	
1.	കെ.എസ്.ബി.സി.	ഒന്നാം അർദ്ധവർഷം	രണ്ടാം അർദ്ധവർഷം
2.	ടി.എസ്.നം.53	ഒന്നാം അർദ്ധവർഷം	രണ്ടാം അർദ്ധവർഷം
3.	ടി .എസ്.നം.38, മാമലശ്ശേരി	ഒന്നാം അർദ്ധവർഷം	രണ്ടാം അർദ്ധവർഷം
4.	ഊരമന ക്ഷീരോത്പാദക സഹകരണ സംഘം	---	രണ്ടാം അർദ്ധവർഷം

ഗ്രാമപഞ്ചായത്തിലെ ബി® ഡിംഗ് പ്ലാനുക® തയ്യാറാക്കുന്ന എഞ്ചിനീയ® മാ® , സൂപ്പ® വൈസ® മാ® , ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷ® വ്യാപാരിക® , പാലിയേറ്റീവ് കെയ® നഴ്സ്, കരാറുകാ® എന്നിവരുടെ വിവരശേഖരണം നടത്തി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴി® നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

മുകളിൽ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.7/21.08.24) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി-അപാകതകൾ

1. ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 22.03.2023 ലെ സ.ഉ. (കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൗകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവേ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല.

2. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ വർദ്ധനവ് വരുത്തിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 7 (2) ഉപവകുപ്പ് പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവുകൾ വരുത്തുകയും ഇളവുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയുടെ 20% വർദ്ധനവ് വരുത്തേണ്ടതും ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം ഉള്ള കെട്ടിടങ്ങൾക്ക് 10% നികുതി ഇളവു നൽകേണ്ടതും പൊതുവഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്ക് 20 ശതമാനം ഇളവു നൽകേണ്ടതുമാണ്.

16.09.2023 ലെ എസ്.സി.3.1829/2023 നം.വിജ്ഞാപന പ്രകാരം താഴെ കൊടുത്തിരിക്കുന്ന റോഡുകൾ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ ഗണത്തിൽപെട്ടവയാണ്. എന്നാൽ ഇത്തരം റോഡുകളിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ചില കെട്ടിടങ്ങൾക്ക് വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

കെട്ടിട നം	സമീപത്തുള്ള റോഡിന്റെ പേര്	വിജ്ഞാപന പ്രകാരമുള്ള റോഡിന്റെ വീതി	സഞ്ചയ ഫോറം 6 പ്രകാരമുള്ള വീതി
1/220 A	പ്ലാപിള്ളിത്താഴം മണമേൽത്താഴം	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ
1/415 A	വേളാർ കോളനി റോഡ്	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ
11/102B	ചൂണ്ടി-പാമ്പാക്കുട	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ
11/589 A	ചൂണ്ടി-പാമ്പാക്കുട	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ
11/589 B	ചൂണ്ടി-പാമ്പാക്കുട	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ
12/369 B	ചൂണ്ടി-പാമ്പാക്കുട	5 മീറ്ററിൽ കൂടുതൽ	1.5 മീറ്ററിൽ കൂടുതൽ

വസ്തുനികുതി നിർണ്ണയത്തിൽ, ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്താത്തതും അനധികൃതമായി ഇളവു നൽകിയതുമായ കെട്ടിടങ്ങളുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള വർദ്ധനവ്, ഇളവുകൾ എന്നിവ നൽകി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 5,90,694 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക

1	പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷം)	1,34,594
2	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷം)	2,35,530
3	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി (കുടിശ്ശിക)	2,20,570
	ആകെ	5,90,694

പഞ്ചായത്തിലെ വസ്തു നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളി® നിന്നും കുടിശ്ശിക ഈടാക്കാ® നടപടിക® സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റ വിവരങ്ങ® രേഖക® സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക ഈടാക്കിയിട്ടില്ല.</u>

സഞ്ചയ പ്രകാരം, താഴെ കൊടുക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	മൊബൈൽ ടവർ	കെട്ടിടനമ്പർ	തുക
1	ബി.എസ്.എൻ.എൽ	1/375 A1	38,175
2	ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്	2/322A	26,704
3	ബി.എസ്.എൻ.എൽ	4/317 A	16,295
4	ബി.എസ്.എൻ.എൽ	6/98A1	77,261
5	ബി.എസ്.എൻ.എൽ	8/135A1	17,576
6	ബി.എസ്.എൻ.എൽ	12/175A	62,476
7	ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ്	12/137 A1	33,336
8	റിലയൻസ് കമ്മ്യൂണിക്കേഷൻസ്	13/373A1	50,373

കുടിശ്ശിക അടവാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. (2024/9515/07, 2024/9513/07, 2024/9512/07 തീയതി 31.03.2024). ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. അപാകതക® സൂചിപ്പിച്ചുകൊണ്ട് എ® ക്വയറി (എ® ക്വയറി നം. 19/23.08.2024) ന® കിയിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതും, ഇതിനായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

<u>1-13 എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് അപാകതകൾ</u>

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തി® വാ® ഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാ® നിലവി® പ്രവ® ത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ ലൈസ® സ് എടുക്കാതെ പ്രവ® ത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതോടൊപ്പം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും പ്രവൃത്തികളും പഞ്ചായത്തിന് നിയന്ത്രിക്കാൻ കഴിയാതെയും വരുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. പഞ്ചായത്ത് വക വാടകക്കെട്ടിടങ്ങളിലെ വ്യാപാരികൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

പഞ്ചായത്ത് വക വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്
1.	11/123	ഷംസു.പി.ഇ.
2.	11/124	യോഹന്നാൻ
3.	12/128	വി.വി.ബേബി
4.	12/129	കെ.ജെ.ബാബു
5.	12/133	സുരേഷ്.വി.എൻ
6.	12/135	കെ.കെ.സന്തോഷ്

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/21.08.2024), അപാകതകൾ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ് എന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിലെ സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുക്കുന്നില്ല എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 റിവർ മാനേജ്മെന്റ് ഫണ്ട് കുടിശിക ഇനത്തിലും പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശിക ഇനത്തിലും ഭീമമായ ബാധ്യത നിലനിൽക്കുന്നു

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് 350300107 ഹെഡ് കോഡ് പ്രകാരം 36,72,327/-രൂപ ജില്ല കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടവാക്കാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശിക അടവാക്കുവാൻ എറണാകുളം ജില്ല കളക്ടർ 15.8.23 ലെ DCEKM/7364/2023/D3 നമ്പർ കത്തു മുഖേന നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക നാളിതു വരെയായും അടവാക്കിയിട്ടില്ല. നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതാണെന്നും ജില്ല കളക്ടർ മേൽ സൂചിപ്പിച്ച കത്തിൽ അറിയിച്ചിട്ടുണ്ട്. പുഴയിൽ നിന്നും മണൽ വാരൽ നിലവിലുണ്ടായിരുന്ന സമയത്ത് മണൽ വിപണനവുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് യഥാസമയം അടവാക്കേണ്ടിയിരുന്ന തുകയാണ് ബാദ്ധ്യതയായി നിലവിലുള്ളതെന്നും ശമ്പളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്ന പഞ്ചായത്തായതിനാലും തനത് ഫണ്ട് തീരെ കുറവായതിനാലും കുടിശിക അടവാക്കുന്നതിന് സമയം നീട്ടി തരുന്നതിന് സർക്കാരിൽ അപേക്ഷ നൽകുവാൻ 11.10.23 ലെ 7(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തു. കുടിശ്ശിക അടവാക്കുവാൻ സാവകാശം ചോദിച്ചു കൊണ്ട് സർക്കാരിലേക്ക് /ജില്ല കളക്ടർക്ക് കത്ത് നൽകിയതിന്റെ വിശദാംശങ്ങളും സമയം ദീർഘിപ്പിച്ച് ലഭിച്ചോയെന്ന വിവരവും ലഭ്യമാക്കിയില്ല.

തനത് ഫണ്ട് തീരെ കുറവാണെന്നതും ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്ന പഞ്ചായത്താണെന്നുമാണ് നിർബന്ധമായും അടവാക്കേണ്ട ബാദ്ധ്യത തുകകൾ അടവാക്കാതിരിക്കുന്നതിന് കാരണമായി പഞ്ചായത്ത് നിരന്തരം സൂചിപ്പിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ നിലവിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ 5 റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ

കേബിളുകൾ സ്ഥാപിക്കുന്നതിനായി റോഡ് റിസ്റ്റോറേഷൻ ചാർജിനത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് എന്ന സ്ഥാപനം 1,08,88,541/-രൂപ 2023-24 വർഷം തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ RP-4 -ഫീസ് ആന്റ് യൂസർ ചാർജസ് - ഷെഡ്യൂളിൽ 140500209 ഹെഡ് കോഡിലാണ് ടി തുക വരവ് വെച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനമാണ് ഈ തുക. റോഡ് റിസ്റ്റോറേഷൻ ചാർജ് തനത് വരുമാനം ആയതിനാൽ ഈ തുക റിവർ മാനേജ്മെന്റ് ഫണ്ട് ബാദ്ധ്യത തീർക്കുന്നതിനായി ഉപയുക്തമാക്കി റവന്യൂ റിക്കവറി നടപടിയിൽ നിന്നും ഒഴിവാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം ഇനത്തിൽ ബാദ്ധ്യതയുള്ള ഭീമമായ തുക അദാലത്ത് വഴി കുറവ് ചെയ്യ ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും ശേഷം തുക അടവാക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 23/24.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-15 ഇ-ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലവിൽ 136544/-രൂപ 2019-20 വർഷത്തെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(3/20-8-24) ലഭ്യമാക്കിയ മറുപടിയിൽ ഇ മെയിൽ മുഖേന പല തവണ റിമൈൻഡർ അയച്ചിട്ടുണ്ടെന്നും ആയതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ മുൻകാലങ്ങളിലെ ആയതിനാൽ മൂന്ന് നാല് വർഷത്തെ രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ടെണ്ടർ ഫീ തിരികെ നല്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലവിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ ഉള്ള 136544/- രൂപ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ചത് - അപാകതകൾ

2023-24 വർഷം രാമമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് സുഗമ പോർട്ടൽ വഴി അപേക്ഷ നൽകിയതിനെ തുടർന്ന് അസി.എൻജിനീയർ, LID&EW, രാമമംഗലം ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നതു പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് റോഡ് റിസ്റ്റോറേഷൻ ചാർജ് ഓൺലൈനായി അടവാക്കുകയും ചെയ്തു. റോഡ് കുഴിച്ച് കേബിൾ സ്ഥാപിച്ചതിനു ശേഷം സ്വന്തം ചെലവിൽ ടെമ്പററി റോഡ് റിസ്റ്റോറേഷൻ നടത്തണമെന്നുള്ള നിബന്ധനയുടെ അടിസ്ഥാനത്തിലാണ് റോഡ് കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയത്.

ക്രമ നമ്പർ	OFC സ്ഥാപിക്കുന്ന റോഡിന്റെ പേര്	കണക്കാക്കിയ റോഡ് റിസ്റ്റോറേഷൻ ചാർജ്	തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ
1	കോട്ടപ്പുറം-മാമ്മലശേരി	90,45,261.81	Bank Ref.No.2108576436/11.4.23

	റോഡ്		
2	കപ്ളിങ്ങാട്ട്താഴം-ഉള്ളേലിക്കുന്ന് റോഡ്	4,25,931.35	Bank Ref.No.40631482/07.6.23
3	കുന്നിത്താഴം-മാമ്മലശേരി സ്കൂൾ പള്ളിത്താഴം റോഡ്	5,97,139.04	Bank Ref.No.32385073/02.6.23
4	അന്ത്യാൽ-കിഴുമുറി റോഡ്	8,02,170.29	Transaction ID 216867465736157/17.6.23
5	മുതലക്കുളം കക്ഷായിച്ചിറ റോഡ്	18,039.45	TransactionID 2169097107920546
	ആകെ	1,08,88,541.94	

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും പ്രവൃത്തി പൂർത്തീകരിച്ചതെന്നാണെന്നുമുള്ള വിവരം ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് എൻജിനീയറിംഗ് വിഭാഗത്തിൽ അറിയിപ്പൊന്നും തന്നിട്ടില്ലെന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരണം പരിശോധിക്കാൻ സൈറ്റ് സന്ദർശനം നടത്തിയിട്ടില്ലെന്നുമാണ് അസി.എൻജിനീയർ 16/23.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചത്. വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനവുമായി കരാർ വെച്ചോയെന്ന് വ്യക്തമല്ല. അംഗീകരിച്ച ലേ ഔട്ടിന് അനുസൃതമായാണോ വിവിധ റോഡുകളിൽ പ്രവൃത്തി ചെയ്തതെന്നും കൂടുതൽ സ്ഥലത്ത് ജിയോ കേബിൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും HDD, ഓപ്പൺ ട്രെഞ്ച് മെതേഡ് ഇവയിൽ ഏതു രീതിയിലാണ് ഓരോ റോഡിലും പ്രവൃത്തി ചെയ്തതെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഗ്രാമപഞ്ചായത്ത് ഉറപ്പാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്.)നം.39/2015/ITD,തീ.15.9.15,ജി.ഒ.(എം.എസ്.)നം.07/2016/ITD, തീ.08.02.16 എന്നീ ഉത്തരവുകൾ പ്രകാരം ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് RoW അനുവാദം ലഭിക്കുന്നതിനായി, കേബിൾ സ്ഥാപിക്കുന്ന കമ്പനി കിലോമീറ്ററിന് 75,000/-രൂപ+ജി.എസ്.ടി. എന്ന നിരക്കിൽ One Time Contribution(OTC) കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനിൽ അടവാക്കേണ്ടതുണ്ട്. ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് KSTIM ഡയറക്ടർക്ക് ഇപ്രകാരം തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. തുക അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ മേൽ നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയ മറുപടിയിൽ ഇക്കാര്യം പരാമർശിച്ചിട്ടില്ല.

ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡുമായി സെക്രട്ടറി വെച്ച കരാറും ജിയോ പട്ടികയിൽ കൊടുത്തിരിക്കുന്ന റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിച്ചിട്ടുള്ള അളവ്/ദൂരം എത്രയാണെന്നതും ഏത് രീതിയിലാണ് പ്രവൃത്തി ചെയ്തതെന്നത് സംബന്ധിച്ചും അംഗീകൃത ലേ ഔട്ടിൽ നിന്നും വ്യതിയാനം സംഭവിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ചും ഉള്ള അസി.എൻജിനീയറുടെ റിപ്പോർട്ടും ജിയോ One Time

Contribution(OTC) കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ അടവാക്കിയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-17 നെൽകൃഷി സംരക്ഷണം - ഗുണഭോക്താവിന് തുക ലഭ്യമായിട്ടില്ല

നെൽകൃഷിക്ക് കൂലിച്ചെലവിനത്തിൽ സബ്സിഡി നൽകി നെൽക്കർഷകരെ സഹായിക്കുന്നതിനായാണ് നെൽകൃഷി സംരക്ഷണം എന്ന പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. 24 ട്രഷറി ബില്ലുകളിലായാണ് ₹19,40,895/- ചെലവഴിച്ചിട്ടുള്ളത്.

പ്രൊജക്ട് നമ്പർ	95/24
പ്രൊജക്ടിന്റെ പേര്	നെൽകൃഷി സംരക്ഷണം
നിർവ്വഹണോദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	23,04,000/- (12,24,000 /-വികസനഫണ്ട് ജനറൽ + 10,80,000/- ജില്ലാ പഞ്ചായത്ത്)
ആകെ ചെലവ് ചെലവ് ബിൽ നം. /തീ. / തുക (പരാമർശിത ബിൽ)	19,40,895/- 363/12.02.24/79,552/-

ആനുകൂല്യതുക പൂർണമായി ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ലായെന്ന് ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകാത്ത (UTR നമ്പരില്ലാത്ത) ഗുണഭോക്താവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട്.നം	ട്രഷറിബിൽ നമ്പർ	ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക
ചിന്നമ്മ വർഗ്ഗീസ് 083010150872	363/12.02.24	₹1312/-

മേൽ ബിൽ പ്രകാരം ₹79,552/- ചെവഴിച്ചതിൽ ചിന്നമ്മ വർഗ്ഗീസ് എന്ന കർഷകയുടെ തുക കൈമാറിയതിന്റെ UTR വിവരം ലഭ്യമായിട്ടില്ല. തുക കൈമാറിയിട്ടുണ്ടെങ്കിൽ UTR വിവരം ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.9/22.08.24) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൈമാറിയതിന്റെ UTR വിവരം ലഭ്യമാക്കുന്നതുവരെ ₹1312/- തടസപ്പെടുത്തുന്നു. കർഷകരെ സഹായിക്കുന്നതിനായി നൽകുന്ന ധനസഹായത്തുക ഗുണഭോക്താക്കൾക്ക് ലഭ്യമായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-18 കോട്ടപ്പുറം-മാമ്മലശ്ശേരി റോഡ് പുനരുദ്ധാരണം-റോഡ് റിസ്റ്റോറേഷൻ ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്

ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി രാമമംഗലം ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-മാമ്മലശ്ശേരി റോഡിൽ നടക്കുന്നതായും തന്മൂലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ

പ്രവൃത്തികൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും റോഡ് റിസ്റ്റോറേഷനുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ സാദ്ധ്യമല്ലെന്നും റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റി പ്രത്യേക പരിഗണന നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 06.12.2023 ൽ ജൽജീവൻ മിഷൻ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചോയെന്ന വിവരവും റോഡ് റിസ്റ്റോറേഷൻ പ്രവൃത്തി വാട്ടർ അതോറിറ്റി ചെയ്തോയെന്നും അറിയിക്കവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17/23.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വാട്ടർ അതോറിറ്റി റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്തതായി വിവരം ലഭിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിനു ശേഷം റോഡ് പൂർവ്വസ്ഥിതിയിൽ എത്തിക്കേണ്ടതിനുള്ള ചെലവ് ജലജീവൻ മിഷൻ/ വാട്ടർ അതോറിറ്റിയാണ് വഹിക്കേണ്ടത്. റോഡ് റിസ്റ്റോറേഷൻ ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി കോട്ടപ്പുറം-മാമ്മലശ്ശേരി റോഡ് പുനരുദ്ധാരണം നടത്തി പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ചെലവഴിച്ച മുഴുവൻ തുകയുടെയും രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം,	65/24
അടങ്കൽ 10,46,900 /-	5,95,500/-(വികസന ഫണ്ട്) 27,600/-(തനത് ഫണ്ട്) 3,19,950/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം) 1,03,850/-(ജില്ലപഞ്ചായത്ത് വിഹിതം)
ചെലവ് 10,46,900 /-	5,95,500/-(വികസന ഫണ്ട്) 27,600/-(തനത് ഫണ്ട്) 3,19,950/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം) 1,03,850/-(ജില്ലപഞ്ചായത്ത് വിഹിതം)
ബിൽ.നം-തീയതി ഹാജരാക്കിയ ബിൽ പ്രകാരം ആകെ ചെലവ് -10,19,300/-	വികസന ഫണ്ട് 1)213/06.11.23, 5,40,000/- 2)220/09.11.23, 3,00,000/- 3)318/22.01.24, 55,500/- 4)376/21.02.24, 11,000/- 5)377/21.02.24, 8950/- 6)379/21.02.24, 1,03,850/-
നിർവഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം പ്രോജക്ട് സംബന്ധിച്ച് ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു

പ്രോജക്ട് പ്രകാരം അകെ ചെലവ് 10,46,900/- രൂപയാണ്. ഹാജരാക്കിയ ബി® തുക ആകെ 10,19,300/- രൂപയുടേതാണ്. എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുകയും തമ്മി® 27,600/- രൂപയുടെ വ്യത്യാസം നിലനി® ക്കുന്നു. ടി തുകയ്ക്കുള്ള ബില്ലും, ചെലവഴിച്ച അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

ഭിന്നശേഷിക്കാരുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാ® ർത്ഥികളുടെയും അല്ലാത്തവരുടെയും പട്ടിക ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ നോട്ടീസ് ബോ® ഡി® പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് മാ® ഗരേഖ (സ.ഉ(കൈ) നം 115/2022/ത സ്വ ഭ വ തീയതി 28/05/2022) നി® ദ്ദേശിക്കുന്നുണ്ട്. ആയതു പാലിച്ചിട്ടില്ല. ധന സഹായത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമല്ലാത്തതിനാ® അന® ഹ® കടന്നു കൂടിയിട്ടുണ്ടോ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തി® കീഴി® വരുന്ന അ® ഹരായ വിദ്യാ® ർത്ഥിക® ക്കു ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാ® സാധിക്കുന്നില്ല. I.C.D.Sസൂപ്പ® വൈസ® അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

മേ® അപാകതക® ക്ക് നൽകിയ ഓഡിറ്റ് എ® ക്വറിക്ക് (നം.8/22.08.24) ലഭ്യമാക്കിയ മറുപടിയി® ഇതു സംബന്ധിച്ച തെളിവ് രേഖക® ഉ® പ്പെടുത്തിയിട്ടില്ല ; ആയതിനാ® 27600/- രൂപയുടെ ചെലവ് സംബന്ധിച്ച വിവരങ്ങ® ഹാജരാക്കും വരെ തുക തടസ്സത്തി® വയ്ക്കുന്നു.

1-20 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - വാഹന അറ്റകുറ്റപ്പണി സംബന്ധിച്ച്

പ്രോജക്ട് നമ്പർ	199/24
പ്രോജക്ടിന്റെ പേര്	ബഡ്സ് സ്കൂൾ വാഹനം-ആവർത്തന ചെലവുകൾ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	128000/-(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)
ചെലവ്	103741/- 1)ബിൽ നമ്പർ-113/27.7.23-24621/- 2)132/18.8.23-14228/- 3) 229/23.11.23-5558/- 4) 279/03.01.24-19627/- 5) 389/24.2.24-39707/-

രാമമംഗലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികളുടെ യാത്രാവശ്യത്തിന് ഉപയോഗിക്കുന്ന KL-17-S-8939 രജിസ്ട്രേഷൻ നമ്പരിലുള്ള മഹീന്ദ്ര ട്രൂറിസ്റ്ററിന്റെ അറ്റകുറ്റപ്പണിക്കായി 2023-24 വർഷം മേൽ നമ്പർ പ്രോജക്ട് മുഖേന 103741/-രൂപ ചെലവഴിച്ചിട്ടുണ്ട്. 103741/-രൂപയിൽ, വാഹനത്തിന് പുതിയ ടയർ വാങ്ങുന്നതിനും ജി.പി.എസ് ഘടിപ്പിക്കുന്നതിനും ചെലവായ 18500/-രൂപ ഒഴികെ ബാക്കി 85241/-രൂപ വാഹനത്തിന്റെ

അറ്റകുറ്റപ്പണിക്കായി പനന്താനം മോട്ടോർ ഇൻഡസ്ട്രീസ്, കടാതി, മൂവാറ്റുപുഴ എന്ന സർക്കാർ അംഗീകൃത വർക്ക് ഷോപ്പിനാണ് നൽകിയത്.

സ്ഥാപനത്തിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ/തീയതി	നൽകിയ തുക
1	PM1/06/17.4.23	9989/-
2	PM1/08/24.4.23	8201/-
3	PM1/22/23.5.23	6431/-
4	PM1/74/04.8.23	4228/-
5	PM1/94/11.9.23	5558/-
6	PM1/145/09.11.23	9711/-
7	PM1/144/08.11.23	1416/-
8	PM1/202/09.02.24	29760/-
9	PM1/208/13.2.24	9947/-
	ആകെ	85241/-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.170/07/ത.സ്വ.ഭ.വ., തീയതി.30.6.2007 പ്രകാരം അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എൻജിനീയറോ കണക്കാക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ ആവശ്യമാണെങ്കിൽ ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഡ്രൈവർ കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. ഇത്തരത്തിൽ അറ്റകുറ്റപ്പണികളുടെ ആവശ്യകത കാണിച്ചു കൊണ്ടുള്ള റിപ്പോർട്ടുകൾ ഡ്രൈവർ നൽകിയതായി പ്രൊജക്ട് ഫയലിൽ കാണുന്നില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ ടീച്ചർ വാഹനം അടിക്കടി കേടാകുന്നത് സംബന്ധിച്ച് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയതായി കാണുന്നില്ല. റിപ്പോർട്ടുകൾ ഒന്നും ആവശ്യപ്പെടാതെ, വർക്ക് ഷോപ്പ് നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയതിന്റെ കാരണം വ്യക്തമല്ല.
വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കുള്ള പ്രതീക്ഷിത ചെലവ് 10000/-രൂപയിൽ അധികരിക്കുകയാണെങ്കിൽ ക്വട്ടേഷൻ മുഖേന മാത്രം അറ്റകുറ്റപ്പണി നടത്തേണ്ടതാണെന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ചിരിക്കുന്ന ഇൻവോയ്സുകളിൽ ക്രമ നമ്പർ 8, 9 ഇൻവോയ്സുകൾ തൊട്ടടുത്ത തീയതികളിൽ ഉള്ളവയാണ്. 39707/-രൂപയാണ് രണ്ട് ഇൻവോയ്സുകളുടെയും ആകെ തുക. ഇതിൽ 13.2.24 ലെ ഇൻവോയ്സ് പ്രകാരമുള്ള 9947/-രൂപയുടെ അറ്റകുറ്റപ്പണിക്കുള്ള ആവശ്യകത സാക്ഷ്യപത്രം പി.ഡബ്ല്യു.ഡി.മെക്കാനിക്കൽ സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എൻജിനീയർ വാഹനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ അതേ മാസം തന്നെ 09.02.24 ലെ ഇൻവോയ്സ് പ്രകാരമുള്ള 29760/-രൂപയുടെ അറ്റകുറ്റപ്പണിയുടെ ആവശ്യകത സാക്ഷ്യപത്രം പി.ഡബ്ല്യു.ഡി.മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ലഭിച്ചിട്ടില്ല. 9947/-രൂപയുടെ അറ്റകുറ്റപ്പണിയുടെ ആവശ്യകത സാക്ഷ്യപത്രം അല്ലാതെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ഇൻവോയ്സുകൾ പ്രകാരമുള്ള മറ്റൊരു അറ്റകുറ്റപ്പണിയുടെയും ആവശ്യകത നിർണ്ണയിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം പി.ഡബ്ല്യു.ഡി.യിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. ഇപ്രകാരം ആവശ്യകത സാക്ഷ്യപത്രം ലഭ്യമാക്കാതെ വാഹനം അറ്റകുറ്റപ്പണി നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. അടുത്തടുത്ത തീയതികളിലെ ഇൻവോയ്സുകൾ വിഭജിച്ച് ഓരോ ഇൻവോയ്സിലെ തുകയും 10000/-രൂപയിൽ താഴെ എത്തിച്ചിട്ടുണ്ട്. ഉദാഹരണം – ക്രമ നമ്പർ 1, 2 ഇൻവോയ്സുകൾ, ക്രമനമ്പർ 6, 7 ഇൻവോയ്സുകൾ.

വാഹനത്തിൽ ജി.പി.എസ്.ഘടിപ്പിക്കുന്നതിനായി ജെ.ജെ.ഓട്ടോപാർട്ട്സ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് 8500/-രൂപ നൽകിയിട്ടുണ്ട്. ആർ.ടി.ഓ.യിൽ നിന്നും ലഭിച്ച ജി.പി.എസ്. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വെഹിക്കിൾ റിപ്പയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 22/23.8.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഡ്രൈവറുടെ റിപ്പോർട്ട്, പി.ഡബ്ല്യു.ഡി.യിൽ നിന്നുമുള്ള ആവശ്യകത സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി വാഹന അറ്റകുറ്റപ്പണി നടത്തേണ്ടതാണ്.

1-21 സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം - മുന്നൊരുക്കമില്ലാതെ പ്രൊജക്ട് - ലക്ഷ്യം കൈവരിച്ചില്ല.

സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം നടത്തുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല. നൂതന പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

13 വാർഡുകളിൽ നിന്ന് ആകെ 88 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് പ്രൊജക്ടിനായി ഉണ്ടായിരുന്നത്. എന്നാൽ ഇൻവോയ്സ് നം. YIP/23-24/72 Dtd 15.02.2024/₹1,35,000 പ്രകാരം യംഗ് ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 450 കപ്പുകൾ ഇതിനായി വാങ്ങിയിട്ടുണ്ട്. 362 എണ്ണം അധികം വാങ്ങി സർക്കാർ ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമാക്കുവാനും താല്പര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 21/23.08.24) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 450 കപ്പുകൾ വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ്, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല. വിതരണ രേഖയായി 450 പേരുടെ പ്രിന്റഡ് ലിസ്റ്റ് ഹാജരാക്കിയതിൽ കൈപ്പറ്റ് തെളിയിക്കുന്ന യാതൊരു വിവരങ്ങളും (ഒപ്പ്) ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിതരണം അംഗീകരിക്കുവാൻ നിർവാഹമില്ല.

പ്രൊജക്ട് നമ്പർ	53/24
പ്രൊജക്ടിന്റെ പേര്	മെൻസ്ട്രൽ കപ്പ് സ്ത്രീകൾക്ക്
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.
അടങ്കൽ	1,50,000/- ധനകാര്യകമ്മീഷൻ അവാർഡ്
തുക / ചെലവ് ബിൽ നം. /തീ.	1,35,000/- 431/18.03.24 15,000/- 484/24.03.24

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ഇപ്രകാരമാണ്. നൂതന പ്രൊജക്ട് എന്ന നിലയിൽ ഗുണഭോക്താക്കളുടെ വിമുഖത കണക്കിലെടുത്ത് വാങ്ങലിന്റെ എണ്ണം ക്രമപ്പെടുത്തേണ്ടതായിരുന്നു. ഇത് ബോധവൽക്കരണം ആവശ്യമുള്ള പ്രൊജക്ടാണ്. പരിസ്ഥിതി സൗഹൃദം, ആരോഗ്യകരം എന്ന നിലയിൽ സ്ത്രീകളിലേക്ക് വ്യാപകമായി എത്തിക്കുവാനുള്ള മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടു പ്രൊജക്ട് നടപ്പിലാക്കാമായിരുന്നു. ഈ വിഷയത്തിൽ സ്ത്രീകൾക്ക് അവബോധം നൽകുന്ന ഓർഗനൈസേഷൻസ് കേരളത്തിൽ നിരവധിയുണ്ട്. കുടുംബശ്രീ, സി.ഡി.എസ്. എന്നിവയുടെ സ്ത്രീകളുടെ കൂട്ടായ്മയിൽ അവബോധം നല്കി കൃത്യമായ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ കഴിയുമായിരുന്ന ഒരു പ്രൊജക്ടാണ്. ഒരു മെഡിക്കൽ ഓഫീസറാണ് നടപ്പിലാക്കിയിരിക്കുന്നത് എന്നതിനാൽ പ്രൊജക്ട് വിജയിക്കേണ്ടതാണ്. വിതരണം ചെയ്യാതെ ബാക്കി വന്നവ കാലാവധിക്കുള്ളിൽ വിതരണം ചെയ്തുവോ, ഉപയോഗിച്ചവരിൽ നിന്നുള്ള ഫീഡ് ബാക്ക് എന്നിവ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടോടുകൂടെ പ്രൊജക്ട് നടപ്പിലാക്കേണ്ടതായിരുന്നു. നിലവിൽ ഉപയോഗിക്കുന്നവരെ കണ്ടെത്തുക എന്നതിലുപരി ഉപയോഗിക്കുവാൻ ശങ്കിച്ചു നിൽക്കുന്നവരെ ഉപയോഗിക്കുവാൻ പഠിപ്പിക്കുക എന്നതാണ് ഇന്നത്തെ ആവശ്യം. കാരണം പരിസ്ഥിതി സൗഹൃദം എന്ന നിലയിൽ ഇതിന്റെ ഉപയോഗം പരിചയിച്ചു കഴിഞ്ഞാൽ മാലിന്യ സംസ്കരണത്തിൽ നാടിന് വലിയൊരു ആശ്വാസമാകും. വാങ്ങൽ നടത്തുന്നതിനു മുൻപ് ഇത്തരം ബോധവൽക്കരണ ശ്രമങ്ങൾ നടത്തി ലിസ്റ്റ് തയ്യാറാക്കിയിരുന്നോ എന്ന വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ആവശ്യക്കാരില്ലാത്ത പ്രൊജക്ടുകൾക്ക് പണം ചെലവഴിക്കുന്നത് സംബന്ധിച്ച് ധനകാര്യസ്റ്റാൻഡിഗ് കമ്മിറ്റിയുടെയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. വിതരണം ചെയ്യാത്തവ എവിടെ സൂക്ഷിച്ചിരിക്കുന്നു, ഉപയോഗയോഗ്യമായ അവസ്ഥയിൽ സൂക്ഷിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-22 പെണ്ണാട് വിതരണം (എസ്.സി.വനിത) - അപാകത

പ്രൊജക്ട് നമ്പർ	23/24
പ്രൊജക്ടിന്റെ പേര്	പെണ്ണാട് വിതരണം (എസ്.സി. വനിത)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
അടങ്കൽ 2,80,000/-	2,10,000/- SCP 70,000/- BC
ചെലവ്/ തുക / ബിൽ നം. /തീ. / 1,68,000/-	73500/- 327/24.01.24 52500/- 501/24.03.24 42000/- ചെലവ് വിവരം ലഭ്യമല്ല.

മേൽ പ്രൊജക്ട് പ്രകാരം എസ്.സി വനിതകൾക്ക് പെണ്ണാട് വിതരണം ആണ് ലക്ഷ്യമാക്കിയിരുന്നത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള 168000/- ചെലവായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. വാങ്ങിയ ആടുകളുടെ എണ്ണം, യൂണിറ്റ് കോസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആടുകളുടെ വിതരണത്തിന്റെ കൈപറ്റ വിവരങ്ങൾ രജിസ്റ്റ® ആയി സൂക്ഷിക്കാത്തതിനാ® ഇപ്പോ® ലഭിച്ച ഗുണഭോക്താക്ക® ക്ക്, മു® പ് ഇതേ ആനുകൂല്യം ലഭ്യമായിട്ടുണ്ടോ എന്ന് അറിയാ® സാധിക്കുന്നില്ല.

. പ® ച്ചേയ്സ് കമ്മറ്റി യോഗത്തി® ആടിന്റെ ഇനം, ഗുണ നിലവാരം, തൂക്കം, പ്രായം എന്നിവ വ്യക്തമാക്കി തീരുമാനം എടുത്തതായി കാണുന്നില്ല.

. പ്രോജക്ടുകളുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ന്യൂനതക® ക്കു നൽകിയ ഓഡിറ്റ് എ® ക്വയറിക്ക് (നം. 25 /24.08.24) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ പെണ്ണാടിൻ കുട്ടിയെ വിതരണം ചെയ്ത ശ്രീ സുബൈ® , മൂവാറ്റുപുഴ എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണ തുകയായ ₹42000/- ക്രെഡിറ്റ് ആയതിന്റെ വിവരങ്ങ® എ® ക്വയറിക്ക് മറുപടിയായി ഹാജരാക്കിയിട്ടുണ്ട്.

1-23 ഡയാലിസിസ്- ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

കാരുണ്യസ്പർശം ചികിൽസാ സഹായം- ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

പ്രൊജക്ട് നമ്പർ	9/24
പ്രൊജക്ടിന്റെ പേര്	കാരുണ്യസ്പർശം - ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി.
അടങ്കൽ	2,00,000/- (വികസനഫണ്ട് ജനറൽ 40000/- + O.F 120000/- + ജില്ലാപഞ്ചായത്ത് 40000/-)
തുക / ചെലവ്/ ചെക് നം. / തീ.	61,000/- ചെക്ക് നം. 455159/16.03.24 10,000/- ചെക്ക് നം. 138696/20.03.24 (ആകെ 71000/-)

മേൽ പ്രൊജക്ട് പ്രകാരം, ഡയാലിസിസ് രോഗികൾക്ക് ചെലവ് വന്ന തുക തിരികെ നൽകുന്നതിനായാണ് 71000/- രൂപ ഡയാലിസിസ് നടത്തിയ ഹോസ്പിറ്റലുകളിലേക്ക് കൈമാറിയിരിക്കുന്നത്. രോഗികളുടെ വിവരങ്ങൾ ചേർക്കുന്നു.

ക്രമ നം	പേര്	തുക (₹)	ആശുപത്രിയുടെ പേര്
1.	പരമേശ്വരൻ കെ.പി.	31000	എം.ഒ.എസ്.സി.മെഡിക്കൽ മിഷൻ ആശുപത്രി, കോലഞ്ചേരി
2	ബാബു റ്റി.എ.	31000	”
3	പൗലോസ് കെ.കെ.	9000	നിർമലാ മെഡിക്കൽ സെന്റർ, മൂവാറ്റുപുഴ
	ആകെ	71000	

മേൽ തുകകൾ രോഗികൾക്ക് തിരികെ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട ആശുപത്രികൾക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം. 727/2024/05.04.24) എന്നാൽ കത്തിലെ ആവശ്യ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിലില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 20/23.08.24) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതുവരെ ₹71,000/- തടസ്സപ്പെടുത്തുന്നു. പ്രൊജക്ടിനായി ചെലവഴിക്കുന്ന തുക യഥാസമയം നിർധനരായ രോഗികളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നുണ്ട് എന്ന വിവരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ആയത് വ്യക്തമാക്കുന്ന രേഖകൾ പ്രൊജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പ്രൊജക്ടിനായി തനത് ഫണ്ട് മാത്രമാണ് ചെലവഴിട്ടിച്ചുള്ളത്. വികസന ഫണ്ട്, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവയും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

A.

പ്രൊജക്ട് നമ്പർ	17/24
പ്രൊജക്ടിന്റെ പേര്	എസ്.എസ്. എ. വിഹിതം, പട്ടികജാതി
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	1,20,000/- (വികസനഫണ്ട് എസ്.സി.പി)
ചെലവ്ബിൽ നം. /തീ. / തുക	317/20.01.24/1,20,000/-

B.

പ്രൊജക്ട് നമ്പർ	22/24
പ്രൊജക്ടിന്റെ പേര്	അഗതിരഹിത കേരളം - പഞ്ചായത്ത് വിഹിതം
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	1,00,000/- (വികസനഫണ്ട് ജനറൽ)
ചെലവ്ബിൽ നം. /തീ. / തുക	332/24.01.24/1,00,000/-

മേൽ പ്രൊജക്ടുകൾക്കായി ചെലവഴിച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.11/22.08.24) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനായി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കുന്നതുവരെ ₹2,20,000/- തടസ്സപ്പെടുത്തുന്നു.

1-25 ദുരിതാശ്വാസനിധി - പണമിടപാടുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി സ® ക്കാ® പുറപ്പെടുവിച്ച എസ്.ആ® .ഒ നമ്പ® 162/2003 പ്രകാരം പഞ്ചായത്തി® സെക്രട്ടറിയുടെ പേരി® ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഈ അക്കൗണ്ടി® പണമിടപാടുകൾ ഒന്നും നടത്തിയിട്ടില്ല.

31-03-2023 ൽ 7210/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. അക്കൗണ്ടിൽ പലിശ ഇനത്തിൽ തൻവർഷം 291/- രൂപ ലഭിച്ചതല്ലാതെ, മറ്റ് വരവുകൾ ഒന്നും തന്നെയില്ല. 31-03-2024 ലെ നീക്കിയിരുപ്പ് 7501/- രൂപ മാത്രമാണ്. ദുരിതാശ്വാസ നിധി തൻവർഷം നിഷ്ക്രിയമായി തുടരുന്നു.

പഞ്ചായത്തി® പല കാരണങ്ങളാ® ദുരിതമനുഭവിക്കുന്ന വ്യക്തിക® ക്കും കുടുംബങ്ങ® ക്കും സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഫണ്ട് നിലവിൽ ആർക്കും യാതൊരുവിധ പ്രയോജനവുമില്ലാതെ നിഷ്ക്രിയമായിത്തുടരുന്നത് ദുരിതാശ്വാസനിധിയുടെ ഉദ്ദേശ്യം ഇല്ലാതാക്കുന്നു. ധനശേഖരണാ® തമുള്ള കലാ-കായിക–വിനോദപരിപാടിക® സംഘടിപ്പിച്ചും, വ്യക്തിക® , സംഘടനക® , സ്ഥാപനങ്ങ® എന്നിവയി® നിന്ന് സംഭാവനക® സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയി® നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കി® കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളി® അപേക്ഷ ഇല്ലാതെ തന്നെയോ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുക® സെക്രട്ടറി അല്ലെങ്കി® അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ® ഒരു ക്യാഷ് ബുക്കി® രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയി® സമ® പ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

1-26 ടേക്ക് - എ - ബ്രേക്ക് പദ്ധതി ഉപയോഗപ്രദമാക്കേണ്ടതാണ്.

പൊതു ടോയ്ലറ്റുകളും ടെയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും - പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് 27.7.2020 ലെ സ.ഉ.(സാധാ)നം. 1401/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യമായി പറഞ്ഞിട്ടുള്ളത് ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ. വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ്സ്റ്റോപ്പ്/ബസ്സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഒന്നും വീതം) നിർമ്മിക്കുക എന്നതാണ്. സമീപത്തെങ്ങും പൊതു വിശ്രമസ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിലും സുരക്ഷിതമായും എളുപ്പത്തിലും ഉപയോഗിക്കാവുന്ന തരത്തിൽ പ്രധാന വാണിജ്യ കേന്ദ്രത്തിലോ, ബസ് സ്റ്റേഷനിലോ, ദേശീയ-സംസ്ഥാന പാതയോരങ്ങളിലോ ആയിരിക്കണം ശുചിമുറികൾ നിർമ്മിക്കേണ്ടത് എന്നും ഈ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 12-ാം വാർഡിൽ ആശ്രുപത്രിപ്പടിയിൽ 2022-23 വർഷം ടേക്ക് ഏ ബ്രേക്ക് പദ്ധതി പ്രകാരം 395917/-രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള ശുചിമുറികൾക്ക് വയറിംഗ് ചെയ്ത് കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഫീഡിംഗ് റൂം വനിതാ ശിശു സൗഹൃദമാക്കിയിട്ടുണ്ടോയെന്ന വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.5/20-8-24) ലഭ്യമാക്കിയ മറുപടിയിൽ ഫീഡിംഗ് റൂം വനിതാ ശിശു വികസന സൗഹൃദമാക്കിയിട്ടുണ്ടെന്നും ശുചിമുറികൾക്ക് വയറിംഗ് ചെയ്ത് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും അറിയിച്ചു. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശുചിമുറിയിൽ 13296/- രൂപ ചെലവഴിച്ച് ഒരു ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഇതു നാളിതുവരെ ഉപയോഗിച്ചിട്ടില്ല. പ്രവർത്തനരഹിതമായതിനാൽ വാറന്റി ലഭിക്കാനുള്ള സാധ്യതയും നഷ്ടപ്പെടാനിടയുണ്ട്. ആയതിനാൽ എത്രയും വേഗം വയറിംഗ് ചെയ്ത് കണക്ഷൻ ലഭ്യമാക്കി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-27 റോഡ് കണക്ടിവിറ്റി മാപ്പ് - പൂർത്തീകരിക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ	162/24
പ്രൊജക്ടിന്റെ പേര്	റോഡ് കണക്ടിവിറ്റി മാപ്പിംഗ്
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എൻജിനീയർ
അടങ്കൽ	₹39000/-(വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ് ബിൽ നം.&തീയതി.	ചെലവ് ഇല്ല

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. തൻ വർഷം ടി പ്രോജക്ട് ചെയ്തിട്ടില്ല. 2022-23 ൽ തുടങ്ങിയ പ്രോജക്ടാണിത്.

ഇതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം, റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കണമെന്നാണ്. എന്നാൽ ഇവിടെ റോഡുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിവരങ്ങൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.4/20-8-24) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ വാർഡുകളിലേയും മുഴുവൻ റോഡുകളുടെയും ട്രാക്കിംഗ് പൂർണ്ണമാക്കിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം.LSGD/PD/52343/2023-DB5 തീയതി 8-3-24 പ്രകാരം റോഡ് ആസ്തികളുടെ വിവരശേഖരണം കഴിയുന്ന മുറയ്ക്ക് മറ്റ് ആസ്തികളുടെ വിവര ശേഖരണം ആരംഭിക്കാവുന്നതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നും ഇതിനുള്ള നിർദ്ദേശം നൽകുന്ന മുറയ്ക്ക് മറ്റു ആസ്തികളുടെ വിവര ശേഖരണം ആരംഭിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാ® ഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

2023-24 വ® ഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാ® ഷികധനകാര്യപത്രിക പരിശോധിച്ചത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഭാഗം-1 ൽ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്

സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട് നമ്പരും പേരും	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	319950	55/94-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	319950	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	340000	150/24-ലൈഫ് ജനറൽ (SO)	340000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	41400	50/24-ലൈഫ് ജനറൽ	41400	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	100000	181/24-വി.ഇ.ഓ.ഓഫീസ് മെയിന്റനൻസ്	100000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	92000	12/24-ക്ഷീര കർഷകർക്ക്പാലിന്	92000	0

			സബ്സിഡി		
ആകെ		893350		893350	0
ജില്ലാ പഞ്ചായത്ത്	2023-24	24000	94/24-തരിശ്ശു നെൽകൃഷി	24000	0
ജില്ലാ പഞ്ചായത്ത്	2023-24	1080000	95/24-നെൽകൃഷി സംരക്ഷണം	1080000	0
ജില്ലാ പഞ്ചായത്ത്	2023-24	103850	55/94-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	103850	0
ജില്ലാ പഞ്ചായത്ത്	2023-24	240000	51/94-ലൈഫ് പട്ടികജാതി	240000	0
ജില്ലാ പഞ്ചായത്ത്	2023-24	400000	150/24-ലൈഫ് ജനറൽ(SO)	400000	0
ജില്ലാ പഞ്ചായത്ത്	2023-24	160000	50/24-ലൈഫ് ജനറൽ	160000	0
ജില്ലാ പഞ്ചായത്ത്	2023-24	280000	149/24-ലൈഫ് പട്ടിക ജാതി(SO)	280000	0
ജില്ലാ പഞ്ചായത്ത്	2023-24	25000	12/24-ക്ഷീര കർഷകർക്ക്പാലിന് സബ്സിഡി	25000	0
ജില്ലാ പഞ്ചായത്ത്	2023-24	535000	59/24-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	535000	0
ആകെ		28,47,850		28,47,850	0

4-3 നിക്ഷേപ പ്രവൃത്തികൾ ക്ക് നല്കിയ തുകയുടെ വിവരം

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2023-24 വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ /വായ്പ തിരിച്ചടവ്

2023-24 വർഷം വായ്പ ഇനത്തിൽ ലഭിച്ച തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പ തുക	തൻവർഷം തിടിച്ചടയ്ക്കാനുള്ള വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി
				മുതൽ	പലിശ	

						യുള്ള തുക
ലൈഫ് ഭവനനിർമ്മാണം	-513173(2022-23 വർഷം സ്രോതസിൽ നിന്നും അധികമായി കുറവു ചെയ്തത്)	9390952	8877779 (9390952-513173)	1245172	0	7632607

സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത വായ്പ തുക (ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചത്)

പ്രോജകട് നമ്പർ	പ്രോജക്ടിന്റെ പേര്	സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക(₹)
257/24	ലൈഫ് (ജനറൽ)	264587/-
260/24	ലൈഫ് (ജനറൽ) രണ്ടാം ഗഡു	264587/-
263/24	ലൈഫ് (ജനറൽ) മൂന്നാം ഗഡു	264588/-
258/24	ലൈഫ് (എസ്.സി.പി)	150470/-
261/24	ലൈഫ് (എസ്.സി.പി)രണ്ടാം ഗഡു	150470/-
264/24	ലൈഫ് (എസ്.സി.പി) മൂന്നാം ഗഡു	150470/-
ആകെ		1245172/-

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഈടാക്കിയ തുക (₹)	തുക അടവാക്കിയ വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര്	രസീത് നമ്പർ	തീയതി
2021-22	1-14	1613	മെട്രോ ലൈറ്റ് ആന്റ് സൗണ്ട്	1230101153	16.11.23
2021-22	1-14	1200	തേവർക്കാട്ട് എൻജിനീയറിംഗ് വർക്സ്	1230100338	21.6.23
2021-22	1-14	600	കരവട്ടേതോട്ടത്തിൽ ഓട്ടോ ഫ്യുവൽസ്	1230100339	21.6.23
2021-22	1-19	50	കരവട്ടേതോട്ടത്തിൽ ഓട്ടോ ഫ്യുവൽസ്	1230100316	16.6.23
2021-22	1-19	200	കെ.കെ.ഫ്യുവൽസ്	1230100315	16.6.23
2021-22	1-19	200	മധുസൂദനൻ തേവർക്കാട്ടിൽ	1230100314	16.6.23
2021-22	1-19	100	എടശ്ശേരിൽ റൈസ് മിൽ	1230100313	16.6.23
2021-22	1-14	1800	പ്ളാന്തോട്ടം ബ്രിക്ക്സ്	1230100317	16.6.23

2021-22	1-14	600	മാനേജർ,റിതിൻ ഗ്രാനൈറ്റ്സ്	1230100312	16.6.23
2021-22	1-14	1500	സോണീസ് കഫേ	1230100311	16.6.23
2021-22	1-14	900	റോസ് വില്ല ഇന്റീരിയേഴ്സ്	1230100310	16.6.23
2021-22	3-1	14790	അസി.എൻജിനീയർ എൽ.എസ്.ജി.ഡി.	1230100307	16.6.23
	ആകെ	23533			

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3-3	2006-07	3-47-1	സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി	മറുപടി നൽകിയിട്ടുണ്ട്
2013-14 & 2014-15	2-1	2016-17	അധ്യായം 2	തൊഴിൽനികുതി	മറുപടി നൽകിയിട്ടുണ്ട്
2019-20	1-23	2020-21		ക്യാൻസർരഹിത എറണാകുളം പദ്ധതിയുടെ വിശദ വിവരങ്ങൾ ഹാജരാക്കിയില്ല	മറുപടിയും അനുബന്ധരേഖകളും നൽകിയിട്ടുണ്ട്

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	56404368
ഓഡിറ്റ് വർഷത്തെ ചെലവ്	47411082
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	319912

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	1312	ശ്രീമതി അഞ്ജു പോൾ, കൃഷി ഓഫീസർ
1-19	27600	ശ്രീമതി ആശാ പോൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-23	71000	ഡോ.മായാദേവി എം. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
1-24	220000	ശ്രീ.റെയ്സൺ വി. വർഗീസ്, അസി.സെക്രട്ടറി
ആകെ	**319912**	

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.റെയ്സ® .വി.വ® ഗ്രീസ്, അസി.സെക്രട്ടറി	അസി:സെക്രട്ടറി രാമമംഗലം ഗ്രാമപഞ്ചായത്ത്	വരിക്ക® , കുന്നപ്പിള്ളി, പെരുവ പി ഒ, കോട്ടയം
ശ്രീമതി.അഞ്ജു പോ® കൃഷി ഓഫീസർ	കൃഷി ഓഫീസർ രാമമംഗലം ഗ്രാമപഞ്ചായത്ത്	കോട്ടാനത്തി® ഹൗസ്, എം എം ജംഗ്ഷ® , കോലഞ്ചേരി
ശ്രീമതി ആശ പോ® ഐ.സി.ഡി.എസ്. സൂപ്പ® വൈസ®	ഐ.സി.ഡി.എസ്. സൂപ്പ® വൈസ® മണീട് ഗ്രാമപഞ്ചായത്ത്	മുല്ലംകുഴിയി® ഹൗസ്, പാഴൂ® ഈസ്റ്റ്, പിറവം
ഡോ. മായാദേവി എം. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	ഉഷസ്, ജെട്ടി റോഡ്, കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ക്രമ നം	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് വകുപ്പിൽ നിന്നുള്ള അവസാനത്തെ കത്തിന്റെ വിവരം
1	1996-97	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(1)/2019/5.8.2019
2	1997-98	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(2)/2019/5.8.2019
3	1998-99	എൽ.എഫ്.ഇ.(പി.3) 1161/2000/23.3.2001
4	2006-07	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(4)/2019/5.8.2019

5	2007-08	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(5)/2019/5.8.2019
6	2008-09, 2009-10, 2010-11	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(6)/2019/5.8.2019
7	2011-12, 2012-13	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(7)/2019/5.8.2019
8	2013-14, 2014-15	കെ.എസ്.എ.ഇ.കെ.എം. (പി.9)1557(8)/2019/5.8.2019
9	2015-16	കെ.എസ്.എ.ഇ.കെ.എം. (പി.9) 2045/2016
10	2016-17	കെ.എസ്.എ.ഇ.കെ.എം. (പി.9)1485/2017/11.09.2017
11	2017-18	കെ.എസ്.എ.ഇ.കെ.എം. (പി.9) 1610/2018
12	2018-19	കെ.എസ്.എ.ഇ.കെ.എം. (പി.9)004/2020/3.2.2020
13	2019-20	കെ.എസ്.എ.ഇ.കെ.എം. (പി.9)492/2021/30.03.2021
14	2020-21	കെ.എസ്.എ.ഇ.കെ.എം. (പി.9)461/22/01.08.2022
15	2021-22	കെ.എസ്.എ.ഇ.കെ.എം. (പി.9)152/23/13/04/2023
16	2022-23	കെ.എസ്.എ.ഇ.കെ.എം. (പി.9)1366/23/19/10/2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 30-05-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Ramamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ramamangalam Grama Panchayat as on 31-03-2024

Date: 04/10/2024

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Ramamangalam Grama Panchayat for the Year 2023-2024.

1.Major Observations

1.Lack of free and independent access to accounting and all other softwares which have direct or indirect impact on financial reports and information.
2.Lack of Panchayath Raj Budget Rules adversely affecting budgetery control system.
3.Non inclusion of Notes to accounts in Financial Statements and non-disclosure of material facts.
4.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included

2. Cash Flow statement Net increase / decrease in cash flow do not match with difference between opening balance and closing balance.
3. Audit recovery amount posted in wrong head of account.
4. CFC tied grant allotment credited in bank not included in RP-30 Schedule.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്